**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4329** **06-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയിൽ എം പാനൽ ചെയ്ത ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയിൽ നിലവിൽ എം പാനൽ ചെയ്ത ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ; പ്രസ്തുത ആശുപത്രികളിലെ എല്ലാ വിഭാഗങ്ങളിലും ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **മെഡിസെപ്പ് പദ്ധതിയിൽ നിലവിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ പട്ടിക മെഡിസെപ് പോർട്ടലിലെ ഹോസ്പിറ്റൽ എന്ന മെനുവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സാ വിഭാഗങ്ങൾക്ക് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. പ്രസ്തുത ആശുപത്രികളിലെ ഇനിയും എംപാനൽ ചെയ്തിട്ടില്ലാത്ത ചികിത്സാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | എം പാനൽ ചെയ്ത ആശുപത്രികളിൽ നിന്നും പിന്മാറിയവയുടെ പേരുവിവരം നൽകുമോ; | (ബി) | FHPL<br>1) KVM Hospital Alappuzha<br>2) Jubilee Memorial Hospital, Thiruvananthapuram<br>VIDAL<br>1) Malappuram Co-operative Hospital<br>2) Sahakarana Hospital<br>എന്നിവയാണ് എംപാനൽ ചെയ്ത ആശുപത്രികളിൽ നിന്നും പിന്മാറിയതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുള്ളത്. |
| (സി) | മെഡിസെപ്പ് പദ്ധതിയിൽ നാളിതുവരെ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഇൻഷ്വറൻസ് പ്രീമിയമായി പിരിച്ച തുകയുടെയും ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയ തുകയുടെയും വിശദാംശം ലഭ്യമാക്കുമോ? | (സി) | പദ്ധതിയാരംഭിച്ച് ജൂലൈ 2022 മുതൽ 2022 ഡിസംബർ മാസം വരെയുള്ള കാലയളവിൽ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും 324.87 കോടി രൂപ പ്രീമിയം വിഹിതമായും ഇൻഷ്വറൻസ് കമ്പനിക്ക് ആദ്യ പോളിസി കാലയളവിലെ മൂന്ന് ഗഡു പ്രീമിയം തുക ഇനത്തിൽ ആദ്യ ഇൻസ്റ്റാൾമെന്റ് തുകയായി 156,51,07,000/- രൂപയും രണ്ടാം ഗഡുവായി 166,20,28,790/- |

| | | | |
|---|---|---|---|
| | | | രൂപയും മൂന്നാം ഗഡുവായി 160,28,79,000/- രൂപയും ചേർത്ത് ആകെ 483,00,13,000/- കോടി രൂപ ഇൻഷുറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ